ഉത്തരം

(എ) ഇല്ല.

(ബി, സി, ഡി, ഇ) ഉദിക്കുന്നില്ല.

മാലിനിയുടേയും മകന്റേയും സംശയാസ്പദമായ മരണം

23 [2039] ശ്രീ. ഇ. അഹമ്മദ്:

,, സി. ടി. അഹമ്മദ് അലി:

,, ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1990 ഏപ്രിൽ മാസത്തിൽ കണ്ണൂർ ജില്ലയിലെ കക്കാട്ടെ മാടോടി കുറവ്യാട് മാലിനി എന്ന യുവതിയുടേയും അവരുടെ രണ്ടര വയസ് പ്രായമായ മകൻ ഷാറോണിന്റേയും സംശയാസ്പദമായ മരണത്തെക്കുറിച്ച് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) പരാതിയെപ്പറ്റി എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ അതിന്റെ ഫലം വെളിപ്പെടുത്തുമോ;

(ഡി) മരിച്ച മാലിനിയുടെ ഭർത്താവ് പണത്തിനുവേണ്ടി നിരന്തരം ഈ സ്ത്രീയെ ഉപദ്രവിച്ചിരുന്നു എന്ന് പരാതിയിൽ പ്രസ്താവിച്ചിട്ടുണ്ടോ;

(ഇ) അതേപ്പറ്റിയുള്ള അന്വേഷണഫലം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) അന്വേഷണം പൂർത്തിയാകാത്തതിനാൽ ഫലം ഇപ്പോൾ വെളിപ്പെടുത്താനാവില്ല.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

മുക്കുവൻകുടി ഭാഗത്തെ ഹരികുമാറിന്റെ സംശയകരമായ മരണം

24 [2040] ശ്രീ. ഉമ്മൻ ചാണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുപ്പള്ളി പഞ്ചായത്തിൽ മുക്കുവൻകുടി ഭാഗത്ത് വടക്കേടത്തിൽ വീട്ടിൽ ഇന്ദിരാദേവിയുടെ പുത്രൻ ഹരികുമാറിന്റെ സംശയകരമായ മരണത്തെക്കുറിച്ച് ക്രൈം ബ്രാഞ്ചിനെക്കൊണ്ട് അന്വേഷിക്കണമെന്നുള്ള ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അന്വേഷണം ക്രൈം ബ്രാഞ്ചിനെ ഏൽപ്പിക്കുവാൻ നടപടി എടുത്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എത്രയുംവേഗം അന്വേഷണം ക്രൈം ബ്രാഞ്ചിനെ ഏൽപ്പിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly